# പതിനാലാം കേരളനിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1305 06.02.2020 ൽ മറുപടിക്ക്

### ലീഗൽ ഹയർഷിപ്പ് സർട്ടിഫിക്കറ്റുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.കെ. ദാസൻ** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | ലീഗൽ ഹയർഷിപ്പ് സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ സ്വീകരിച്ച ശേഷം അവ അനുവദിക്കുന്നതിനായി പല താലൂക്ക് ഓഫീസുകളിലും കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | താലൂക്കുകളിൽ നിന്നും ഓൺലൈൻ വഴി ഗസറ്റ് പ്രസിദ്ധീകരണത്തിലേയ്ക്ക് അതത് താലൂക്കുകളിൽ നിന്നും അപേക്ഷ നൽകുന്ന കാര്യം വകുപ്പ് പരിഗണിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | പരിഗണിക്കുന്നുണ്ട്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഐ.റ്റി.മിഷൻ പ്രതിനിധികളുമായി ചർച്ച നടത്തിയിട്ടുണ്ട്. ഓൺലൈൻ സംവിധാനത്തിലേക്ക് മാറുന്നതിനുള്ള നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് സംസ്ഥാനത്തെ ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റുകളുമായി ബന്ധപ്പെട്ട വിവരങ്ങൾ ഇ-ഗസറ്റിൽ പ്രസിദ്ധീകരിക്കാൻ കഴിയുന്നതാണ്. |
| (സി) | റവന്യൂ വിഭാഗം നൽകുന്ന മറ്റെല്ലാ സർട്ടിഫിക്കറ്റുകളും വേഗത്തിൽ ലഭ്യമാവുമ്പോൾ ലീഗൽ ഹയർ സർട്ടിഫിക്കറ്റ് ലഭിക്കാൻ നേരിടുന്ന താമസം പരിഹരിക്കുന്നതിന് എന്തെങ്കിലും പരിഷ്കരണത്തിന് തുടക്കം കുറിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | ഓൺലൈൻ സംവിധാനത്തിലേക്ക് മാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**